**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3416** **11-03-2025 - ൽ മറുപടിയ്ക്ക്**

**സർഫാസി നിയമ പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയുടെ പോക്കുവരവിനായിയുള്ള പൊതു ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സർഫാസി നിയമ പ്രകാരം ബാങ്കുകൾ നേരിട്ട് ഏറ്റെടുക്കുകയും പിന്നീട് വിൽപ്പന നടത്തുകയും ചെയ്യുന്ന ഭൂമികളുടെ തണ്ടപ്പേര് ബാങ്കുളുടെ പേരിലേക്ക് മാറ്റാതെ തന്നെ പോക്കുവരവ് അനുവദിക്കാമോ; അനുവദിക്കാമെങ്കിൽ അതുമായി ബന്ധപ്പെട്ട അവ്യക്തതകൾ ദൂരീകരിക്കാൻ ഒരു പൊതു ഉത്തരവ് റവന്യൂ വകുപ്പ് പുറത്തിറക്കുമോ; വ്യക്തമാക്കുമോ? | (എ) | സർഫാസി നിയമപ്രകാരം ബാങ്കുകൾ നേരിട്ട് ഏറ്റെടുക്കുകയും പിന്നീട് വിൽപ്പന നടത്തുകയും ചെയ്യുന്ന ഭൂമികളുടെ തണ്ടപ്പേര് ബാങ്കുളുടെ പേരിലേക്ക് മാറ്റാതെ തന്നെ പോക്കു വരവ് നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>ലേലം നടത്തുന്നതിന് മുമ്പ് ബാങ്കിന്റെ പേരിൽ മുൻകൂർ പോക്കുവരവ് നടത്തേണ്ടതാണെന്ന് സർഫാസി നിയമത്തിൽ അനുശാസിക്കുന്നില്ല. ലേലത്തിലൂടെ വസ്തു വാങ്ങിക്കഴിഞ്ഞാൽ, വാങ്ങുന്നയാൾക്ക് Transfer of Registry നിയമ പ്രകാരം പോക്കുവരവ് നടത്തി തന്റെ ഉടമസ്ഥാവകാശം സ്ഥിരീകരിക്കുന്നതിനും, തുടർന്ന് നികുതി അടയ്ക്കുന്നതിനും സാധിക്കുന്നതാണ്.<br><br>ഇക്കാര്യത്തിൽ അവ്യക്തത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിൽ അവ്യക്തത നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് ദൂരീകരിക്കാൻ വിശദമായ പരിശോധനകൾക്ക് ശേഷം മാത്രമേ ഉത്തരവ് പുറപ്പെടവിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ